പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം : 385 11. 06. 2013 ൽ മറുപടിക്ക്

ലാഭപ്രഭ പദ്ധതി

**ചോദ്യം** **ഉത്തരം**

ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈദ്യുതിഉപഭോക്താക്കൾക്കായി ലാഭപ്രഭ എന്ന പദ്ധതി നടപ്പാക്കിയിരുന്നോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | നടപ്പാക്കിയിരുന്നു. പൊതുജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി, 2013 മാർച്ച് 23-ന് തുടക്കം കുറിച്ച ഊർജ്ജ സംരക്ഷണപ്രചാരണ പരിപാടിയുടെ ഭാഗമായി ലാഭപ്രഭ, നോ ലോഡ് ഷെഡ്ഡിംഗ് കാമ്പയിൻ എന്നീ രണ്ട് പദ്ധതികൾ നടപ്പാക്കി. ലാഭപ്രഭ പദ്ധതിപ്രകാരം ഒരാൾ വൈദ്യുതി ലാഭിക്കുന്നതനുസരിച്ച് അദ്ദേഹത്തിന് വൈദ്യുതി ചെലവ് കുറയുകയും ലാഭിച്ച വൈദ്യുതിത്തുകയുടെ പകുതി മടക്കിക്കിട്ടുകയും ചെയ്യും.നോ ലോഡ് ഷെഡ്ഡിംഗ് പദ്ധതി പ്രകാരം ഉപഭോക്താക്കളുമായി സഹകരിച്ച് ഊർജ്ജസംരക്ഷണത്തിലൂടെ വൈദ്യുതി ലാഭിക്കുകയും ഫീഡറുകൾ കേന്ദ്രീകരിച്ച് ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുകയും ചെയ്യും. ഈ പദ്ധതി പ്രകാരം 10 ശതമാനം വൈദ്യുതി ലാഭിച്ച നാല് ഫീഡറുകളിൽ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കി നൽകിയിട്ടുണ്ട്. ഈ ഫീഡറുകൾ ക്ക് കീഴിൽ ആറ് പഞ്ചായത്തുകളാണുള്ളത്. |
| (ബി) | കേടായ മീറ്റർ മാറ്റി നൽകാത്തതു കാരണം നിരവധി ഉപഭോക്താക്കൾക്ക് പ്രസ്തുത പദ്ധതിയിൽ ചേരാൻ കഴിഞ്ഞില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ മീറ്ററു കൾ മാറ്റിവെയ്ക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയിൽ എത്ര വ്യക്തികളും സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്തിരുന്നു എന്ന് വ്യക്തമാക്കുമോ; | (സി) | 2013 മെയ് 31 വരെ 1.37 ലക്ഷം പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയിലൂടെ എത്ര പേർക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകി എന്നും എത്ര യൂണിറ്റ് വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ കഴിഞ്ഞു എന്നും വ്യക്തമാക്കുമോ? | (ഡി) | ലാഭപ്രഭയിൽ മെയ് 1-ന് മുമ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് ഓരോ സി.എഫ്.എൽ. വീതം നൽകിത്തുടങ്ങിയിട്ടുണ്ട്. ഈ പ്രചാരണ പരിപാടിയുടെ ഫലമായി വൈദ്യുതി ഉപഭോഗം കുറഞ്ഞിട്ടുണ്ട്. ഇതിന്റെ കൃത്യമായ കണക്ക് ഈ ഘട്ടത്തിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ